ഉത്തരം

(എ) ഇനിയും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളെ സംബന്ധിച്ച തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. ഈ സർക്കാർ ഇതിനകം തന്നെ ഏതാണ്ട് 2800 കി. മീ. വില്ലേജ് റോഡുകൾ ഏറ്റെടുത്തുകഴിഞ്ഞു.

(ബി) തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

നാഷണൽ ഹൈവേകളിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ

51 [632] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നാഷണൽ ഹൈവേകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ ഏതെങ്കിലും ഏജൻസികളുമായി കരാറുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ മൊത്തം കരാർ തുക എത്രയാണെന്നും, കരാർ ലഭിച്ച ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കരാറിന്റെ കാലാവധി എത്ര വർഷത്തേക്കാണെന്ന് അറിയിക്കാമോ;

(സി) ദീർഘകാല കരാറുകൾ പൊതുഖജനാവിന് നഷ്ടം വരുത്തുമെന്നത് പരിഗണിച്ച് കരാറുകളുടെ കാലാവധി രണ്ടുവർഷമായി പരിമിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നാഷണൽ ഹൈവേകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഒരു ഏജൻസിയുമായും കരാറുണ്ടാക്കിയിട്ടില്ല.

(ബി) & (സി) ബാധകമല്ല.

സംസ്ഥാനത്ത് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാലുവരിപ്പാത

52 [633] *ശ്രീ. കെ. പി. മോഹനൻ:*

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

,, *എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നാലുവരിപ്പാത ഏതെല്ലാം മേഖലയിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ജോലി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ നാലുവരിപ്പാതയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താഴെപ്പറയുന്ന ദേശീയപാതകൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നാലുവരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(i) എൻ.എച്ച്. 47 ചേർത്തല മുതൽ തിരുവനന്തപുരം വരെ.

(ii) എൻ.എച്ച്. 17 ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ.

(iii) എൻ.എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെ.

(ബി) & (സി) കേന്ദ്ര സർക്കാരിന്റെ തീരുമാനമനുസരിച്ചാണ് പ്രസ്തുത പാതകളുടെ ജോലി ആരംഭിക്കുന്നത്.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട്

53 [634] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടി എത്ര കോടി രൂപയാണ് ലോകബാങ്കിൽ നിന്നും കടം എടുത്തിട്ടുള്ളത്;

(ബി) ഇതുവരെ എത്രകോടി രൂപയുടെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഈ വായ്പ എന്നുമുതൽ ഏതു രീതിയിൽ തിരിച്ചടയ്ക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലോകബാങ്ക് 1236 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 70% വായ്പയും 30% ഗ്രാന്റുമാണ്. ഇതിനോടകം ലഭിച്ച വായ്പ 343.2 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly